# വസന്തം

## 2019-2020



**സെന്റ്. അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂൾ**
**അരൂർ**

# സന്ദേശം

സർഗശേഷിയുടെ പ്രകാശനമാണ് ഡിജിറ്റൽ മാഗസിനായ *വസന്തം*. അറ്റൂർ സെന്റ്. അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂളിലെ പ്രതിഭാസമ്പന്നരായ ലിറ്റിൽ കൈറ്റ്സിന്റെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ സവിശേഷതകൾകൊണ്ട് വേറിട്ടുനിൽക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

*എന്ന് സ്നേഹത്തോടെ,*

**മേഴ്സി ജോസഫ്**

*പ്രധാനാധ്യാപിക*

# എഡിറ്റോറിയൽ അംഗങ്ങൾ

ഗോപിക റ്റി.കെ

അമൃത എസ്

കീർത്തന റ്റി.എച്ച്

അന്നാമോൾ തങ്കച്ചൻ

രാജശ്രീ കെ.ആർ

ആദിത്യ കെ.എസ്

അശ്വതി സേതുനാദൻ

അർജ്ജുൻ രമേശൻ

വിഷ്ണു പ്രമോധ്

കൃഷ്ണപ്രിയ പി.എസ്

നിവ കെ.എസ്

അഖിൽ കൃഷ്ണ എ

അനശ്രീ വി.ബി

ജോഷ്വ  സെൽവരാജ്

മുഹ്സിന റ്റി .എസ്

# ഉള്ളടക്കം


നിള മെലിഞ്ഞ കവിതയല്ല, കേരളം മരിച്ചിട്ടില്ല..

കേരള പിറവി ദിനം നമ്മെ ഓർമ്മപെടുത്തേണ്ടതെന്ത്?

ചിന്തകൾ

DREAMS

*Mamma And Me*

***The Fairy Night***

*बापूजी*

ബാല്യകാലം

टीवी और बच्चे

സ്കൂളിലെ പ്ലാസ്റ്റിക്ക് നിരോധന പ്രവർത്തനങ്ങൾ

എന്റെ വിദ്യാലയം

അഹങ്കാരം വരുത്തിയ വിന

**FOUNDATION OF CHARACTER**

## നിള മെലിഞ്ഞ കവിതയല്ല, കേരളം മരിച്ചിട്ടില്ല..
## കേരള പിറവി ദിനം നമ്മെ ഓർമ്മപ്പെടുത്തേണ്ടതെന്ത്?



നവംബർ ഒന്ന് ഒരു ഓർമപ്പെടുത്തലാവുന്നു. കഴിഞ്ഞ കാലങ്ങളിലെവിടെയോ വെച്ച് നാം കേരളത്തെ മറന്ന് വെച്ചിരിക്കുന്നു എന്ന വലിയ യാഥാർത്ഥ്യത്തിന്റെ ഓർമപ്പെടുത്തൽ. കാക്കത്തുരുത്തും കഥകളിയും കൊച്ചുവള്ളങ്ങളും കേരങ്ങളും നിളയും കബനിയും ഒപ്പനപ്പാട്ടും ഓശാനഞായറും. കേരളം സുന്ദരമാണ്. എങ്കിലും ഈ ദിനത്തിൽ ചിലതെങ്കിലും നാം ഓർക്കണം.

നിളയും സ്ത്രീയും മെലിഞ്ഞ കവിതയായി മാറിയിരിക്കുകയാണ് ഇന്ന് കേരളത്തിൽ. കൊലക്കത്തി കൊണ്ട് കഴുത്തറത്ത്, ചോരക്കളങ്ങളിൽ കൈകൊട്ടിക്കളിക്കളിച്ച്, അയൽവാസിയുടെ പേര് പോലും അറിയാതെ, മഹാമൗനത്തിന്റെ അകത്തളത്തിൽ മനസ്സ് ഉുങ്ങി മരിക്കുന്ന ഈ പ്രഭാതങ്ങളിൽ നാം കേൾക്കാൻ കൊതിക്കുന്നത് ഇന്നലെയെവിടെയോ കേട്ട് മറന്ന പ്രകൃതിയുടെ സംഗീതമാണ്. പക്ഷികളുടെ കളകളാരവമാണ്, കേരളം മരിക്കുന്നു എന്ന് വെറുതെ പറയുകയല്ല വേണ്ടത്. നഷടപ്പെട്ടു പോയതൊക്കെ തിരികെ പിടിക്കണം. ബന്ധങ്ങൾ, പ്രകൃതി, പുഴ, സ്നേഹം.. നഷ്ടങ്ങളുടെ എണ്ണം അങ്ങനെ നീളുകയാണ്. നഷ്ടപ്പെട്ടു പോയതൊക്കെ നന്മകളാണ്, പുഴകൾ നശിച്ചതോടെ സംസ്കാരത്തിന്റെയും നാശംതുടങ്ങി.

നിള മരിക്കുന്നു എന്ന് കേൾക്കാതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ഇരയെന്നു മുദ്രകുത്തി മാറിനിൽക്കുകയാണ് നാം ചെയ്യുന്നത്. പക്ഷേ അവളെ വീണ്ടെടുക്കാനുള്ള

യജ്ഞത്തിൽ ആരും പങ്കു ചേരുന്നില്ല. നിളയ്ക്ക് വേണ്ടത് നമ്മുടെ കണ്ണീരല്ല കൈത്താങ്ങാണ്. പറയി പെറ്റ പന്തിരുകുലത്തിന്റെ കഥകളുറങ്ങുന്ന മണ്ണ്, കലാമണ്ഡലത്തിന്റെ കളിയരങ്ങുകൾ, ചമ്രവട്ടവും തിരുനാവായയും മാമാങ്കമണൽപ്പരപ്പും ത്രിമൂർത്തി ക്ഷേത്രങ്ങളും കുറ്റിപ്പുറവും കൂട്ടക്കടവും തൃത്താലക്കടവും വെള്ളിയാങ്കല്ലും തിരുമിറ്റക്കോടും കലാമണ്ഡലവും പാഞ്ഞാളും തിരുവില്വാമലയും. കാഴ്ചകളുടെയും പുരാവൃത്തങ്ങളുടെയും നിലയ്ക്കാത്ത നീരൊഴുക്കാണ് നിള. ഇത്രയേറെ വ്യക്തികളുടെയും ചിന്തകളുടെയും പ്രസ്ഥാനങ്ങളുടെയും കാൽപ്പാടു പതിഞ്ഞ നിളയുടെ മരണം കേരളത്തിന്റെ മരണമാണ്. പ്രകൃതിയിലേക്കൊരു മടക്കയാത്ര അനിവാര്യമാണ്. കേരളം കൊടും വരൾച്ചയിലേക്കാണ് നീങ്ങുന്നത്.

പിതൃപുണ്യം തേടി ബലിതർപ്പണത്തിന് നിളാനദിക്കരയിൽ എത്തിയിട്ട് ഒരു തുള്ളി വെള്ളം കിട്ടാത്ത നിളയെ വായിക്കേണ്ടി വരുന്ന നമ്മൾ അറിയുന്നില്ല നിളയുടെ മരണം കേരളത്തിന്റെ മരണമാണെന്ന്. പുഴ മരിച്ചു, കുന്നുകളിടിച്ചു, മരങ്ങൾ മുറിച്ചു എന്നിട്ട് നാം വരൾച്ചയെ ഭയക്കുന്നു. ശരിക്കും വിഡ്ഢികളാണ് നമ്മൾ. വൃദ്ധസദനത്തിൽ തനിച്ചിരിക്കുന്ന മാതാപിതാക്കളുടെ കണ്ണിൽ നിന്നും പൊഴിയുന്ന കണ്ണുനീർ മതി കേരളത്തിന്റെ ഇന്നത്തെ മുഖം മനസ്സിലാക്കാൻ. അറിവിൽ നിന്നും തിരിച്ചറിവിലേക്കാണ് ഇനി നാം നടക്കേണ്ടത്. സമ്പന്നതകൊണ്ട് സംതൃപ്തരാകില്ല. മദ്യത്തിന്റെ അതിപ്രസരത്തിൽ എല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. കുടിച്ച് ലക്കുകെട്ട് വഴിയരികിൽ വീണുമരിക്കുന്നവരുടെ എണ്ണം കൂടുന്നു. റോഡരികിൽ ചോരക്കളങ്ങൾ, ആഴ്ച ചന്തയിൽ വിലയ്ക്കു വയ്ക്കുന്ന ഗർഭപാത്രങ്ങൾ. വർഗീയതയും കള്ളത്തരങ്ങളും കാമവും കൊള്ളയും കൊലയും മാത്രം വാർത്തകളിലൂടെ അറിയുന്ന കേരളത്തിന്റെ മനസാക്ഷി മരവിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, തൊഴിലിടങ്ങളിൽ, പൊതുസ്ഥലങ്ങളിൽ, യാത്രയിൽ അങ്ങനെ യെല്ലായിടത്തും പെൺകുട്ടികൾ ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇനിയൊരു സൗമ്യ ഉണ്ടാവരുതേ എന്നാണ് കേരളത്തിലെ മുഴുവൻ അമ്മമാരും പ്രാർത്ഥിച്ചത്. എന്നിട്ടും സൗമ്യമാർ ആവർത്തിച്ചു. രൂപത്തിലും പേരിലും പ്രദേശങ്ങളിലും മാത്രം മാറ്റം വന്നെങ്കിലും എല്ലാവരും ഒരേ മാനസികാവസ്ഥയുടെ ഇരകൾ തന്നെ. ഒറ്റമുറി വീട്ടിൽ സ്വപ്നങ്ങളെ പ്രണയിച്ച് ജീവിച്ച ജിഷ എന്ന പെൺകുട്ടിയും അതിധാരുണമായി കൊല്ലപ്പെട്ടു. കടമ്മനിട്ട അന്ന് അലറി വിളിച്ച് പാടിയത് അവൾക്കുവേണ്ടിയായിരുന്നില്ലേ? വാഗ്ദാനങ്ങൾ മാത്രം നൽകി അധികാരകസേരകളിൽ

എത്തിയിട്ട് ഭരണത്തിൽ സത്രീകൾക്കായ് കസേരകളുടെ എണ്ണം ഒഴിച്ചിട്ടതുകൊണ്ടൊന്നും ഒരു നിലവിളിയും നിലയ്ക്കുന്നില്ല. പെൺകുട്ടികളുടെ നിലവിളികളിൽ നിന്ന് കേരളമേ ഇനിയൊളിച്ചോടരുത്.

മനുഷ്യൻ എല്ലാ അർഥത്തിലും മോചനം നേടിയെന്ന് പറയുമ്പോഴും അധികാരം അടിയാളത്തം എക്കാലവും ജാതി, മതം, വർഗം, തൊഴിൽ എന്നിങ്ങനെ ഒരുപടി തനിക്ക് താഴെയുള്ളവനെയാണ് തെരഞ്ഞെടുക്കുന്നത്. നമ്മുടെ പെൺകുട്ടികൾ ഇനി ആക്രമിക്കപ്പെടാതിരിക്കാൻ. ശക്തമായ ഇടപെടലുകൾ ആവശ്യമാണ്. കേരളത്തിലെ അമ്മ മനസ്സുകളുടെ നെഞ്ചുപൊട്ടുന്ന ചോദ്യങ്ങൾക്ക് മുന്നിൽ പകച്ചുപോകുന്ന കേരളമേ കടമ്മനിട്ട കവിതകൾ ഓർമപ്പെടുത്തലാണ്.

കവിതകളിലും കഥകളിലും മാത്രം കേരളത്തിന്റെ സൗന്ദര്യത്തെ കാണേണ്ട ഗതികേടിലേക്ക് പുതിയ തലമുറ പോകും എന്ന ഓർമപ്പെടുത്തലിൽ നിന്നെങ്കിലും നാമിനി ഉണരണം. കേരളം ഭ്രാന്താലയമല്ല, ദൈവത്തിന്റെ സ്വന്തം നാട് തന്നെയാണ് എന്ന് തിരുത്തിയെഴുതണം.

മരിക്കുന്ന  കേരളം എന്ന ആവർത്തനങ്ങളിൽ കാര്യമില്ല. ശേഷിക്കുന്ന നാട്ടിൻ പുറങ്ങളിലെ തുടിപ്പുകൾ കാണുമ്പോൾ മലയാളമണ്ണ് മരിച്ചെന്നും പറയാനാവുന്നില്ല. മരിക്കാൻ തുടങ്ങുന്നതൊക്കെയും തിരിച്ചു പിടിക്കണം. കസവുടുത്ത് നെറ്റിയിൽ ചന്ദനക്കുറിചാർത്തി നടന്നാലേ മലയാളിയാവൂ എന്ന കൂട്ടിച്ചേർക്കൽ അനുയോജ്യമല്ല. എങ്കിലും നഷ്ടപ്പെടുന്നതൊക്കെയും നന്മകളാണെന്ന തിരിച്ചറിവ് ആവശ്യമാണ്. ഹൃദയമില്ലാതെ ചിരിക്കാൻ പഠിപ്പിക്കുന്ന നഗരത്തിന്റെ അവശിഷ്ടങ്ങൾ കൊണ്ടാണ് നിളയും നദിയും മരിക്കുന്നതെന്ന് അറിയാൻ കഴിയണം. നിലാവുകൾ കഥ പറയുന്ന മുറ്റവും കിനാവുകൾ കൂട്ടിരിക്കുന്ന സന്ധ്യയും മാമ്പഴക്കാലവും ഉത്സവച്ചേലും പഴങ്കഞ്ഞിയും പാടത്തെച്ചേറും തിരിച്ച് വരണം.

മുത്തശ്ശിമടിയിൽ തലചായ്ച്ചുറങ്ങാൻ അമ്മയുടെ വാത്സല്യച്ചോറുരുള നുണയാൻ നിളയിലലിയാൻ കൊച്ചുവള്ളം തുഴയാൻ പുതിയ തലമുറ പഠിച്ച് വളർന്നാൽ മാത്രമേ കേരളത്തിന്റെ മൂല്യബോധങ്ങൾ സംരക്ഷിക്കാൻ കഴിയൂ. നന്മയെന്തെന്ന് തിരിച്ചറിയാൻ കഴിഞ്ഞാൽ വൃദ്ധസദനങ്ങൾ ഉണ്ടാവില്ല. ജന്മം നൽകിയ മാതാപിതാക്കളെ അനാഥത്വത്തിന്റെ ചവറ്റുകൊട്ടയിൽ തനിച്ചാക്കുന്ന കേരളമുണ്ടായത് മനസാക്ഷി മരിച്ച

ചിന്തകളിൽ നിന്നാണ്. ഈ കേരളപിറവി ദിനം ഓർമപ്പെടുത്തലാവട്ടെ. പലതും നഷ്ടപ്പെട്ടിട്ടുണ്ട് എന്ന ഓർമപ്പെടുത്തൽ.

പ്ലാസ്റ്റിക്ക് കുപ്പിയിൽ നിറച്ചു വെച്ചത് നാട്ടിൻപുറത്തെ മാമ്പഴച്ചാറല്ല എന്ന തിരിച്ചറിവ് അനിവാര്യമാണ്. അമ്മിഞ്ഞപ്പാലും കമ്പോളത്തിൽ നിന്നും വാങ്ങേണ്ട ഗതികേട് കേരളത്തിന്റെ മരണം തന്നെയാണ്. നിള മെലിഞ്ഞ കവിതയല്ല, കേരളം മരിച്ചിട്ടില്ല എന്ന് തിരുത്തി വായിക്കാനുള്ള

ഓർമപെടുത്തലാവട്ടെ ഈ കേരളപിറവി ദിനം.


ഉണരുക, എഴുന്നേൽക്കുക,
ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കുക


WHYKOL.COM
പരാജയമെന്നത് നിങ്ങൾക്ക്
കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള അവസരമാണ്..
HENRY FORD



ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.
~ ഗാന്ധിജി

कल किसने देखा है
तो आज भी खोएँ क्यों
जिन घड़ियों में हस सकते हैं
उन घड़ियों में रोएँ क्यूँ?

परिवार वह
सुरक्षा कवच है
जिसमें रहकर व्यक्ति
शांति का अनुभव
करता है

रिश्ता,
दोस्ती और
प्रेम
उसी के साथ रखना ,
जो तुम्हारी हंसी के पीछे का दर्द,
गुस्से के पीछे का प्यार
और
मौन के पीछे की
वजह समझ सके.


"अंधेरे से मत डरो
सितारे अंधेरे में
ही चमकते है।"
little KITEs
അന്ധമായി ഒരു മത
ത്തേയോ, പ്രത്യയശാസ്ത്ര
ത്തേയോ, മറ്റ് സിദ്ധാന്തങ്ങ
ളേയോ പിൻപറ്റുന്നത്
മനുഷ്യനെ യാന്ത്രികനാക്കു
കയും അവന്റെ വളർച്ച മുര
ടിപ്പിക്കുകയും ചെയ്യും.
അനൈസ് നിൻ
"शिक्षा से ज्यादा मूल्यवान
कोई चीज नहीं है, इसे
केवल परिश्रम द्वारा ही
पाया जा सकता है।"




നിങ്ങളെകൊണ്ട് കഴിയും എന്ന്
ചിന്തിച്ചാലും കഴിയില്ല എന്ന്
ചിന്തിച്ചാലും രണ്ടും ശരിയാണ്,
കാരണം നിങ്ങൾ എന്താണൊ
ചിന്തിക്കുന്നത് അതാണ്
നിങ്ങൾ ആയിത്തീരുന്നത്.

- ഹെന്റി ഫോർഡ് -

# DREAMS

In one beautiful night
In one dreamy night
I saw one dream
I am in heaven
I saw one shining star and
I saw an angel too!
The angel was dreaming
She was dreaming about god!
The star I saw was also dreaming
It was dreaming about sun
At last I awake,I cannot believe
It was a simple dream



# Mamma And Me

My mamma teach me
How we love all
I love my mamma
More than anything in the world
Mamma teach me
How we respect all
I respect you mamma
More than anything in this world
Mamma teach me
How can we care others
Now I give care to you dear
More than anything in this world
mamma now I realised
Your Love is like an ocean
End Less, your patience
All and all you are.





# The Fairy Night

*How Lovely is the night*
*The Sky full of stars*
*The earth is full of light*
*The moon is shining*
*The stars are twinkling*
*But I can't enjoy this*
*I want to sleep*
*My bed is ready*
*So I go...*
***sleepy, sleepy, sleepy..........***



# बापूजी




सच्चाई का लेकर शास्त्,
और अहिंसा का ले  अस्त्र ।

तूने अपना देशा बजाया,
गौरों को दूर भगाया ।

दुश्मन से भी प्यार किया,
मानव पर उपकार किया ।

गांधी ! करके तुझे नमन,

झे चढ़ाने परेम सुमन

# ബാല്യകാലം



കളിവീട് കെട്ടി കളിച്ച കാലം
മഞ്ചാടി പെറുക്കി കളിച്ച കാലം
നല്ലൊരു ഓർമ്മകൾ സമ്മാനിച്ച കാലം
മറക്കുവാൻ കഴിയില്ല ബാല്യകാലം
കളികൾ പറഞ്ഞു ചിരിച്ച കാലം
കണ്ണാരം പൊത്തി കളിച്ച കാലം
കഴിഞ്ഞു പോയ എന്റെ ബാല്യകാലം

മനസ്സിൽ കുളിരുപെയ്ത ബാല്യകാലം
സന്തോഷം ഉള്ളിൽ വിരിഞ്ഞ കാലം

**മറക്കുവാൻ കഴിയില്ല എന്റെ സ്വന്തം ബാല്യകാലം**

# टीवी और बच्चे



ज्यादा टीवी देखना सेहत के लिए अच्छा नहीं है। यह बात हम सभी जानते हैं किन्तु देर तक टीवी देखना तीन साल या इससे कम उम्र् के बच्चों के लिए बहुत ज्यादा नुकसानदेह है यह आदत उनके स्वभाव में आक्रामकता पैदा कर सकती है और ये आक्रामकता बच्चों व माता-पिता के लिए कई समस्याएं खड़ी कर सकती है एक शोध के मुताबिक औसतन पांच घंण्टे से ज्यादा टीवी देखने वाले बच्चों में यह समस्या आ सकती है।

# സ്കൂളിലെ പ്ലാസ്റ്റിക്ക് നിരോധന പ്രവർത്തനങ്ങൾ













little KITEs








# എന്റെ വിദ്യാലയം

വിദ്യാലയത്തിൻ പടി ചവിട്ടി ഞാൻ
ആദ്യാക്ഷരങ്ങൾ പഠിച്ചീടുവാൻ
ഒന്നാംക്ലാസിലെ ടീച്ചറെ ഞാനെന്റെ
മനസ്സുകൊണ്ടെന്നും  സ്നേഹിച്ചു
മുത്തശ്ശിമാവിന്റെ ചോട്ടിലിരുന്ന്
പാഠങ്ങൾ ഒന്നായി പഠിച്ചു ഞങ്ങൾ
അച്ഛൻ പഠിച്ച ... ചേച്ചി പഠിച്ച ...
മുത്തശ്ശനാ മൊരു  വിദ്യാലയം
മുത്തശ്ശൻ ഒപ്പം ചേർന്നിട്ടീഞാൻ
നാലു വർഷങ്ങൾ പിന്നീടവേ
വിദ്യാലയം വിട്ടുപോകും എങ്കിലും
എന്നോർമ്മകൾ എല്ലാം ഇവിടെ നിൽപ്പൂ
ഒരു നൂറ് വർഷം പിന്നിട്ടൊരു
മുത്തശ്ശനാണെന്റെ വിദ്യാലയം
മുത്തശ്ശനാണ് മുതുമുത്തശ്ശനാണെന്റെ വിദ്യാലയം
മുതുമുത്തശ്ശനാണെന്റെ വിദ്യാലയം

# അഹങ്കാരം വരുത്തിയ വിന

ഒരു വീട്ടിൽ രണ്ട് പൂവൻ കോഴികളും കുറെ പിടക്കോഴികളും ഉണ്ടായിരുന്നു. മുത്തശ്ശിക്ക് പ്രിയപ്പെട്ടവനായിരുന്നു കോഴികൾ. ഒരോ കോഴിക്കും ആവശ്യം പോലെ തീറ്റ കൊടുത്ത് മുത്തശ്ശി. എല്ലാ കോഴികളും തടിച്ചു കൊഴുത്തു.

തടി വെച്ചപ്പോൾ അവരിൽ അഹങ്കാരം നരഞ്ഞു പൊന്തി.പൂവൻ കോഴികൾ എപ്പോഴും ശണ്ഠ തന്നെ. തമ്മിൽ കണ്ടാൽ മതി. ആഞ്ഞു കൊത്താൻ! നാളുകൾക്കു നാൾക്കുനാൾ അവരുടെ കിടമത്സരം വർദ്ധിച്ചു. ഒരു ദിവസം കൂട്ടത്തിൽ മിടുക്കരായ രണ്ടുപേർ പരസ്പരം ഏറ്റുമുട്ടി.

ഇരുവരുടെയും ഭാഗമായി. മറ്റു കോഴികൾ പരസ്പരം എതിർത്തപൂവൻമാരിൽ ഒരാൾ വീഴുവോളവും കൊത്തി. കൊത്തുകൊണ്ടൊരു പൂവൻകോഴിപിടഞ്ഞു ചാവുന്നത് വരെ മറ്റേപൂവൻകോഴി കൊത്തി. ജയിച്ച പൂവൻകോഴിയെ മറ്റുള്ളവർ നായകനായി പ്രഖ്യാപിച്ചു. വിജയത്തോടെ അവൻ പറഞ്ഞു 'ഞാനാണ് രാജാവ്,എല്ലാവരും ഞാൻ പറയുന്നത് കേൾക്കണം' മറ്റുള്ളവർ തലകുലുക്കി സമ്മതിച്ചു. രാജാവായ പൂവൻകോഴി അഹങ്കാരത്തോടെ ചിറകടിച്ചു കൂവി. എന്നിട്ട് വിജയശ്രീലാളിതനായി വേലിയിൽ പറന്നുകയറി. എല്ലാവരും അസൂയയോടെ നോക്കി.

ഒരു നിമിഷം ആകാശത്തുനിന്നും പറന്നു താഴ്ന്ന കഴുകൻ ഒറ്റ റാഞ്ചൽ, രാജാവായ പൂവാൻകോഴി കഴുകനെ കാലിൽ പിടഞ്ഞു. ഇതുകണ്ട് കാക്ക പറഞ്ഞു.

' അഹങ്കാരം മരണത്തെ വിളിച്ചു വരുത്തും'

# FOUNDATION OF CHARACTER

Discipline is one of the basic nature of a person. A man having discipline will be able to reach higher position. He will have respect for elders and love for fellow-beings

*A student who has discipline will be an example for others. He will loved by all. There is a saying if wealth is last nothing is lost if health is lost something is lost. If character is lost everything is lost. Thus let us have a good disciplined life and be good citizens of tomorrow*

# നന്ദി

ഞങ്ങളുടെ ഈ മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ പ്രധാനാധ്യാപിക ശ്രീമതി  മേഴ്സി ജോസഫ്,S I T C ശ്രീ.ജോർജ് സാർ, ലിറ്റിൽ കൈറ്റ് മാസ്റ്റർ, മിസ് ട്രസ് മറ്റെല്ലാ അധ്യാപകർക്കും, കഥകളും, കവിതകളും, മറ്റുചിന്തകളും, ചിത്രങ്ങളും നൽകി സഹായിച്ച ലിറ്റിൽ കൈറ്റിലെ എല്ലാ അംഗങ്ങൾക്കും അത്തൂർ സെന്റ്.അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂളിന്റെ പേരിൽ നന്ദി അറിയിക്കുന്നു.

little KITEs

